**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 47** **05-12-2022 - ൽ മറുപടിയ്ക്ക്**

**ആശ്രിത നിയമനം ത്വരിതപ്പെടുത്തുന്നതിനുള്ള നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി ദെലീമ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | ആശ്രിത നിയമന അപേക്ഷകളിന്മേൽ 2015 മുതൽ നിയമനം നടക്കാതെ പൊതുഭരണ (സി.ഇ.) സെല്ലിൽ കെട്ടികിടക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; നിയമനം ദ്രുതഗതിയിൽ ആക്കാൻ സ്വീകരിച്ച നടപടി വിശദമാക്കാമോ; | (എ) | ഇല്ല; ആശ്രിത നിയമനത്തിനായി വിവിധ വകുപ്പുകളിൽ നിന്നും നിശ്ചിത ശതമാനം ഒഴിവുകൾ പൊതുഭരണ (സി.ഇ.സെൽ) വകുപ്പിലേക്ക് റിപ്പോർട്ട് ചെയ്യുന്ന മുറയ്ക്ക് യോഗ്യരായവർക്ക് നിയമനം നൽകി വരുന്നു.<br><br>എൽ.ഡി.ക്ലർക്ക്, അസിസ്റ്റന്റ് തുടങ്ങിയ തസ്തികകളിലേക്ക് അപേക്ഷിച്ചവർക്ക് നിയമനം നൽകാൻ ആവശ്യമായ തസ്തികകൾ ലഭ്യമാകുന്നതിന് കാലതാമസമുണ്ടായ സാഹചര്യത്തിൽ ഇവരെ യോഗ്യതയുടെയും അവരുടെ ഓപ്ഷന്റെയും അടിസ്ഥാനത്തിൽ ഒഴിവ് റിപ്പോർട്ട് ചെയ്ത മറ്റു തസ്തികകളിലേക്ക് പരിഗണിക്കുന്നതിന് മൂന്ന് അദാലത്തുകൾ സംഘടിപ്പിക്കുകയും 197 പേർക്ക് ഇപ്രകാരം നിയമന ശിപാർശ നൽകുകയും ചെയ്തിട്ടുണ്ട്.<br><br>മാതൃവകുപ്പുകളിൽ ഉൾപ്പെടെ ആകെ ആശ്രിത നിയമനം ഓരോ വകുപ്പിലും ഓരോ വർഷവും ഓരോ തസ്തികയിലും ഉണ്ടാകുന്ന ആകെ ഒഴിവുകളുടെ 5 ശതമാനത്തിൽ കൂടരുതെന്ന ബഹു: ഹൈക്കോടതി ഉത്തരവ് പാലിച്ചാണ് നിയമനം നടത്തിവരുന്നത്. |
| (ബി) | ആശ്രിത നിയമനം ത്വരിതപ്പെടുത്തുന്നതിനുവേണ്ടി 13.12.2019-ൽ സംഘടിപ്പിച്ച അദാലത്ത് പോലെ വീണ്ടും ഒരു അദാലത്ത് നടത്തുന്നതിന് നടപടി സ്വീകരിക്കുമോ; | (ബി) | ഇപ്പോൾ പരിഗണനയിലില്ല. |
| (സി) | 2015 മുതൽ പൊതുഭരണ (സി.ഇ.) സെല്ലിൽ എത്ര ഒഴിവുകൾ റിപ്പോർട്ട് ചെയ്തെന്നും എത്ര നിയമനങ്ങൾ നടത്തിയെന്നും വിശദമാക്കാമോ? | (സി) | വിവിധ തസ്തികകളിൽ റിപ്പോർട്ട് ചെയ്തിട്ടുള്ള ഒഴിവുകളുടെ ആകെ എണ്ണവും നിയമന ശിപാർശ നൽകിയവരുടെ എണ്ണവും സംബന്ധിച്ച വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു. 2012 മുതൽ വിവിധ ഉത്തരവുകൾ പ്രകാരം സൂപ്പർന്യൂമററി തസ്തികകൾ സൃഷ്ടിച്ച് നിയമിതരായ എൽ.ഡി.ക്ലർക്കുമാരുടെ സർവ്വീസ് ക്രമീകരിക്കുന്നതിനായി 105 ഒഴിവുകൾ |

| | | | |
|---|---|---|---|
| | | | മാറ്റിവച്ചിട്ടുണ്ട്. ഇതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. 30 ഒഴിവുകളിൽ നിയമനം നൽകിയിട്ടുണ്ട്. യോഗ്യരായ അപേക്ഷകരുടെ അഭാവത്തിൽ ചില തസ്തികകളിലെ മുഴുവൻ ഒഴിവുകളിലും നിയമനം നടത്താൻ കഴിഞ്ഞിട്ടില്ല. മറ്റൊഴിവുകളിലെല്ലാം നിയമനം നടത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

# അനുബന്ധം

| ക്രമ നമ്പർ | തസ്തിക | റിപ്പോർട്ട് ചെയ്ത ഒഴിവുകളുടെ എണ്ണം | നിയമനശിപാർശ നൽകിയവരുടെ എണ്ണം |
|---|---|---|---|
| 1 | ഓഫീസ് അറ്റൻഡന്റ് | 129 | 128 |
| 2 | സിവിൽ പോലീസ് ഓഫീസർ | 165 | 21 |
| 3 | അസിസ്റ്റന്റ് പ്രിസൺ ഓഫീസർ | 24 | 21 |
| 4 | ബീറ്റ് ഫോറസ്റ്റ് ഓഫീസർ | 15 | 1 |
| 5 | സിവിൽ എക്സൈസ് ഓഫീസർ | 45 | 45 |
| 6 | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 82 | 82 |
| 7 | സ്റ്റാറ്റിസ്റ്റിക്കൽ ഇൻവെസ്റ്റിഗേറ്റർ | 28 | 28 |
| 8 | എൽ.ഡി.ക്ലാർക്ക് | 135 | 30 |
| 9 | അസിസ്റ്റന്റ് | Nil | Nil |
| 10 | ആഡിറ്റർ | 9 | 9 |
| 11 | ലീഗൽ അസിസ്റ്റന്റ് | Nil | Nil |
| 12 | എൽ.ഡി.ടൈപ്പിസ്റ്റ് | 4 | 4 |